# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *90** **25.01.2018-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ തൊഴിലില്ലായ്മ

**ചോദ്യം**
**ശ്രീ.പി.വി. അൻവർ**
**ശ്രീ.ബി.ഡി. ദേവസ്സി**
**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം", കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി എന്നീ വ്യത്യസ്ത പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | പ്രസ്തുത വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നിലവിലുണ്ട്.<br>നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസം കൈവരിക്കുന്നതു കൊണ്ടുമാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കി വരുന്നു.<br>• 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം 1140 തൊഴിൽ രഹിതരെ തെരഞ്ഞെടുത്ത് അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും പ്രവർത്തനക്ഷമമാകുന്നതിനും സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് വഴി നടപ്പിലാക്കുന്നു.<br>• ഐ.ടി മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ |

| | | | |
|---|---|---|---|
| | | | ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 240 കുട്ടികൾക്ക് ഒരു വർഷം പരിശീലനം ലഭിക്കും. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• പട്ടികവർഗ്ഗ വനിതകൾക്ക് നൈപുണ്യ വികസനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ നടപ്പ് വർഷം 250 വനിതകൾക്ക് 6 മാസത്തെ പരിശീലനവും തൊഴിലും നൽകുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.<br>• നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ<br>• കെൽട്രോൺ<br>• സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി<br>• ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് |

| | | | |
|---|---|---|---|
| | | | ഇന്ത്യ ലിമിറ്റഡ്<br>• എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹൗസ് കീപ്പിംഗ് ആന്റ് ഫുഡ് ബിവറേജസ്<br>• സി-ഡിറ്റ് മുഖേന മീഡിയ ടെക്നോളജി<br>• എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനായുള്ള എൻട്രൻസ് കോച്ചിംഗ്<br>ഇതിനു പുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• മിൽമ<br>• കുടുംബശ്രീ<br>• മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യ ലിമിറ്റഡ്<br>കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**<u>ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽ ദായക പദ്ധതികൾ</u>**<br>1. കൃഷി<br>2. പശു, ആട് വളർത്തൽ<br>3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ<br>4. യന്ത്രസഹായത്തോടെ കാട് വെട്ടൽ<br>5. യന്ത്രസഹായത്തോടെ മരംമുറി<br>6. തയ്യൽ യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | 7. വയറിംഗ്<br>8. പി.എസ്.സി പരിശീലനം<br>9. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ<br>10. സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വെ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം<br>11. കോഴിയും കൂടും പദ്ധതി<br>12. ചെറുകിട വ്യാപാരം<br>**കോർപ്പസ് ഫണ്ട്**<br>1. കട നിർമ്മാണം<br>2. മത്സ്യ കച്ചവടം<br>3. ബേക്കറി<br>4. തുണിക്കട<br>5. കോഫീബാർ<br>6. യന്ത്രവൽകൃത പുൽവെട്ടൽ<br>7. യന്ത്രവൽകൃത പാൽക്കറവ<br>8. റബ്ബർ റോളർ വിതരണം<br>9. പെട്ടിക്കടകൾ<br>10. പന്നി വളർത്തൽ<br>11. ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്<br>**എസ്.സി.എ ടു ടി.എസ്.പി നടപ്പിലാക്കിയ തൊഴിൽ ദായക പദ്ധതികൾ**<br>1. യന്ത്രവൽകൃത തെങ്ങുകയറ്റം<br>2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്<br>3. യന്ത്രവൽകൃത കൃഷി, തയ്യൽ |

| | | | |
|---|---|---|---|
| | | | 4. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>5. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്<br>6. ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>7. തൊഴിൽ, സംഗീത ഉപകരണങ്ങൾ<br>8. യന്ത്രവൽകൃത കള പറിക്കൽ<br>9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>10. ഹെവി മോട്ടോർ ഡ്രൈവിംഗ്<br>11. കയർ ഉത്പാദനം<br>12. യന്ത്രവൽകൃത മരംവെട്ട്<br>13. ഫാഷൻ ടെക്നോളജി<br>14. കമ്പ്യൂട്ടർ ട്രെയിനിംഗ്<br>15. ഹാച്ചറി യൂണിറ്റ്<br>16. യന്ത്രവൽകൃത കവുങ്ങ് കയറ്റം<br>17. മെഴുകുതിരി നിർമ്മാണം<br>18. കരകൗശല ഉൽപ്പന്നങ്ങൾ<br>19. ഫർണിച്ചർ ഉത്പാദനം |
| സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്നും പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വിശദമാക്കാമോ? | സി) | നൈപുണ്യ വികസന പരിപാടികൾക്ക് ഓരോ കോഴ്സിനും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കും മറ്റ് മാനദണ്ഡങ്ങൾക്കും അനുസരിച്ചായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജില്ലാതല ഓഫീസർമാരും ട്രെയിനിംഗ് ഏജൻസികളും അഭിമുഖത്തിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.<br>വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

2016-17 മുതൽ പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം.

| ക്രമ.നം | പദ്ധതി | തുക | വർഷം | പരിശീലനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം |
|---|---|---|---|---|---|
| 1 | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും പരിശീലനം | 362.00 ലക്ഷം | 2016-17 | 303 ( ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് - ഒരു കുട്ടിയ്ക്ക് 1 ലക്ഷം രൂപയും 3 വർഷത്തെ ഡിപ്ലോമ കോഴ്സിന് ഒരു കുട്ടിയ്ക്ക് 1.30 ലക്ഷം രൂപയാണ് ഫീസിയിനത്തിൽ ധനസഹായമായി അനുവദിക്കുന്നത്. | എൻട്രൻസ് പരീക്ഷയും അഭിമുഖവും നടത്തി വിജയിക്കുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനക്രമത്തിൽ അഭിമുഖം നടത്തി പരിശീലനത്തിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. |
| 2 | സെൻ്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി (CBPST) Plastic product design &Development plastic product Manufacturing &Quality control എന്നീ കോഴ്സുകൾക്ക് പരിശീലനം | 60.00 ലക്ഷം | 2016-17 | 50 ഒരു കുട്ടിയ്ക്ക് 80,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു. | 18 - നും 40 വയസ്സ് പ്രായമുള്ള പട്ടികവർഗ്ഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. |
| 3 | അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് (ECIT) ഇലക്ട്രോണിക്സ് കോ-ഓപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന ഡി.സി.എ. കോഴ്സ് പരിശീലനം | 38.25 ലക്ഷം | 2016-17 | 50 (ഒരു കുട്ടികയ്ക്ക് 34,000/- രൂപ വീതം ധനസഹായമായി അനുവദിക്കുന്നു) | 10 ക്ലാസ്സ് പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. |
| 4 | എത്തിയോസ് ഹൗസ് കീപ്പിംഗ് ആൻ്റ് ഫുഡ് ബിവറേജസ്. | 66.88 ലക്ഷം | 2017-18 | 125 (ഒരു കുട്ടികയ്ക്ക് 3 മാസത്തെ ഹൗസ് കീപ്പിംഗ് പരിശീലനത്തിന് 25000/- രൂപ വീതവും, ഫുഡ് ബിവറേജസിന് 35000/- രൂപ വീതവും ധനസഹായം നൽകുന്നു. | 10, +2 ക്ലാസ് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 5 | സെന്റർ ഓഫ് എക്സലൻസ്<br><br>ഐ.റ്റി മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിക്കൽ . | 308.260 | 2017-18 | 240 | |
| 6 | **ഡെക്കറേറ്റീവ് അപ്പാരൽ പാർക്ക്** പട്ടികവർഗ്ഗ വനിതകൾക്ക് നൈപുണ്യവികസനവും തൊഴിലും ഉറപ്പു വരുത്തുന്നതിനായി ഡെക്കറേറ്റീവ് അപ്പാരൽ പാർക്ക് ആരംഭിക്കും. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ആരംഭിക്കുന്നതാണ്. | 490.00 | 2017-18 | 250<br>(6 മാസത്തെ പരിശീലനവും സംരംഭകത്വവികസനവും ) | ഊരുകൾ സന്ദർശിച്ച് പട്ടികവർഗ്ഗയുവതികൾക്ക് അപ്പാരൽ പരിശീലനം സംബന്ധിച്ച് ബോധവത്കരണം നടത്തി താത്പര്യമുള്ളവരെ തെരഞ്ഞെടുക്കുന്നു. |

2016-17 ൽ കാർഷിക പരമ്പരാഗത മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതി 2016-17 | | |
|---|---|---|
| ജില്ല | തുക(ലക്ഷം) | ഗുണഭോക്താക്കളുടെ എണ്ണം |
| മലപ്പുറം ജില്ലയിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 128.58 | 40 |
| എറണാകുളം-കുട്ടമ്പുഴ(എറണാകുളം) ജീവനോപാധി പ്രവർത്തനങ്ങൾ | 162.11 | 40 |
| കാസർഗോഡ്(മലബാർ)- ജീവനോപാധി പ്രവർത്തനങ്ങൾ | 242.18 | 100 |
| തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, പത്തനംതിട്ട(തിരുവനന്തപുരം) | 45.60 | 30 |
| 2017-18 | | |
| 1 കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ജീവനോപാധി പ്രവർത്തനങ്ങൾ | 143.83 | 50 |
| 2. കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾ | 154.50 | 50 |
| 3. മലപ്പുറം ജില്ലയിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 99.27 | 40 |
| 4. വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾ | 247.90 | 100 |

**മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട പ്രദേശങ്ങളിൽ കാർഷിക പരമ്പരാഗത മേഖലയിൽ തൊഴിലുമായി ബന്ധപ്പെട്ട് അധിവസിക്കുന്ന ആദിവാസി വിഭാഗക്കാർക്ക് മുൻഗണന നൽകുന്നു. ഇതിനായി ക്ഷീര സംഘങ്ങൾ വഴി പശു വളർത്തിലെ മുൻപരിചയം, പശുവളർത്തിലോടുള്ള താത്പര്യം, സ്ഥല-ജല ലഭ്യത, ക്ഷീര സംഘങ്ങളുടെ സാമീപ്യം തുടങ്ങി വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അപേകർക്ക് ക്ഷീരസംഘം തലത്തിൽ മുൻഗണാക്രമം നിശ്ചിയിച്ച് ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുന്നു.**

| കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതി | | | |
|---|---|---|---|
| പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി. | 350.00 ലക്ഷം | 2016-17 | മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങൾക്കും |
| നിലവിലുള്ള അയൽ കൂട്ടങ്ങൾ ശക്തിപ്പെടുത്തുക, നൈപുണ്യവികസന പരിപാടികൾ നടപ്പിലാക്കി സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽകൂട്ടങ്ങക്ക് 10000/- വീതം കോർപ്പസ് ഫണ്ട് നൽകുന്നു. ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് കോർപ്പസ് ഫണ്ട് 2000/- രൂപ വീതം നൽകുന്നു. കൂടാതെ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. | | | |
| **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**<br>മീറ്റ് ഫോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നത് | 30.00 ലക്ഷം (ഒരു ഗുണഭോക്താവിന് 3 ലക്ഷം രൂപ നിരക്കിൽ) | 2016-17 | 10 ഗുണഭോക്താക്കൾ<br>(25നും 45നും ഇടയിൽപ്രായമുള്ള 10 ക്ലാസ്സ് യോഗ്യതയുള്ള പ്രാക്തനഗോത്രവർഗ്ഗക്കാർ, അടിയ, പണിയ എന്നീസമുദായത്തിൽപ്പെട്ടവരിൽ 50,000 രൂപ വാർഷിക വരുമാനമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ